**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **10.08.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 1314**

## <u>സമ്പാദ്യ സമാശ്വാസ പദ്ധതി</u>

**ചോദ്യം** **ഉത്തരം**

| | | | |
|---|---|---|---|
| | **ശ്രീ. എ.എം. ആരിഫ്**<br>**" വി. ജോയി**<br>**" കെ.ജെ. മാക്സി**<br>**" വി. കെ. സി. മമ്മത് കോയ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ നിലവിൽ എത്ര രൂപയാണ് പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളായ മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ 1500/- രൂപ വീതം മൊത്തം 4500/-രൂപ നൽകുന്നുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഇതേ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. |
| (സി) | കൂടുതൽ കടലോര മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും പ്രയോജനം ലഭിക്കും വിധം പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സമ്പാദ്യ സമാശ്വാസ പദ്ധതിയനുസരിച്ച് മത്സ്യബന്ധനം മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളവരും 18 നും 60 നും മദ്ധ്യേ പ്രായമുള്ളവരും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുമായ എല്ലാ മത്സ്യത്തൊഴിലാളികളും ആനുകൂല്യത്തിന് അർഹരാണ്. മത്സ്യ വിപണനത്തിലും അനുബന്ധത്തൊഴിലിലും ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകളും ആനുകൂല്യത്തിന് അർഹരാണ്. |

സെക്ഷൻ ഓഫീസർ